# KUWAIT MALANKARA RITE MOVEMENT

# K.M.R.M.

Date: 28 May 2020
Ref.: KMRM/C/002 -2020

*സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തു തന്നത്. – (വി. മത്തായി 25–40)*

## സാന്ത്വന 2020

*പ്രിയപ്പെട്ട കുടുംബാംഗങ്ങളേ,*

നമുക്ക് എല്ലാവർക്കും അറിയാവുന്നതുപോലെ കോവിഡ്–19 എന്ന മഹാമാരി മൂലം ലോകം ഒരു അപ്രതീക്ഷിത സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. ഈ സാഹചര്യത്തിൽ KMRM കേന്ദ്ര മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച്, KMRM ന്റെ ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായ സ്വാന്തനയുടെ 2020 വർഷത്തെ ഒരു പദ്ധതി ആണ് **സാന്ത്വന കോവിഡ് റിലീഫ് ഫണ്ട്** (SCRF). എല്ലാ ഏരിയാ കമ്മിറ്റികളും അതത് പ്രദേശങ്ങളിലെ കോവിഡ് 19 ന്റെ സാഹചര്യത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന KMRM അംഗത്തെ / കുടുംബത്തെ കണ്ടെത്തുകയും അവർക്ക് SCR Fund ൽ നിന്നും ആവശ്യമായ സഹായം നൽകുകയും ചെയ്യുന്നു.

അതനുസരിച്ച് ഇതുവരെ അബ്ബാസിയ, അഹമ്മദി, സാൽമിയ, സിറ്റി എന്നീ നാല് ഏരിയകളിലായി, ഫുഡ് കിറ്റുകളും (41) സാമ്പത്തിക സഹായവും അടക്കം 1945/-KD ഈ കാലയളവിൽ വിതരണം ചെയ്തു. പൊതു മാപ്പിനെത്തുടർന്ന് നാട്ടിൽ തിരുച്ചുപോയവർക്ക് യാത്ര സഹായവും, മെഡിസിൻ ആവശ്യമുള്ളവർക്ക് അത് നൽകുകയും ചെയ്തു.

ഈ സഹായ നിധി രൂപീകരണത്തിൽ KMRM അംഗങ്ങളായവരും, അല്ലാത്തവരുമായ നിരവധി നല്ല വ്യക്തിത്വങ്ങൾ സ്വമേധയാ മുന്നോട്ടുവന്ന് സാമ്പത്തികമയി സഹായിച്ചിട്ടുണ്ട്. സാമ്പത്തികമായും അതിലുപരി പ്രാർത്ഥനയിലൂടെയും നമ്മെ സഹായിച്ച എല്ലാവരോടും ഈ തരണത്തിൽ ദൈവ നാമത്തിൽ ഞങ്ങളുടെ നന്ദി അറിയിക്കുന്നു. തുടർന്നും എല്ലാവരുടെയും പ്രാർത്ഥനയും കരുതലും സഹായവും പ്രതീക്ഷിക്കുന്നു.

അതുപോലെ തന്നെ നമ്മുടെ കൂട്ടായ്മയിൽ കോവിഡ് 19 മൂലം രോഗാവസ്ഥയിൽ ആയിരിക്കുന്ന നമ്മുടെ സഹോദരങ്ങളെയും കുടുംബങ്ങളെയും ഈ അവസരത്തിൽ നമ്മുടെ പ്രാർത്ഥനകളിൽ പ്രേത്യകം ഓർക്കാം. അവർ എത്രയും പെട്ടെന്ന് രോഗാവസ്ഥയിൽ നിന്ന് സൗഖ്യം പ്രാപിക്കട്ടെ എന്ന് നമ്മുക്ക് കാരുണ്യവാനായ ദൈവത്തോട് പ്രാർത്ഥിക്കാം.

**KMRM കേന്ദ്ര മാനേജിംഗ് കമ്മിറ്റിക്കുവേണ്ടി**

**Rev. Fr. JOHN THUNDIYATH**
**Spiritual Director**

**JOGIMON THOMAS**
**President**

**JUBIN P. MATHEW,**
**General Secretary**

**RIJU P. RAJU**
**Treasurer**













